LIBRARY ARCHIVES Kerala Legislative Assembly

നെന്മാറ നിയോജകമണ്ഡലത്തിലെ ആറടി, ആറ്റാലക്കടവ് പാലങ്ങളുടെ പണികൾ

290(3215) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെന്മാറ നിയോജക മണ്ഡലത്തിലെ ആറടി പാലത്തിന്റെയും ആറ്റാലക്കടവ് പാലത്തിന്റെയും പണികൾ എന്നു തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ ;

(ബി) ടെന്റർ നടപടി പൂർത്തീകരിച്ച പ്രസ്തുത പാലങ്ങളുടെ പണി തുടങ്ങുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സമുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ;

(സി) പ്രസ്തുത പാലങ്ങളുടെ പണി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ആറടി പാലത്തിന്റെ പ്രവൃത്തിക്കായി കരാർ വച്ചിട്ടുണ്ട്. ആറ്റാലക്കടവ് പാലത്തിന്റെ പ്രവൃത്തിക്കായി സെലക്ഷൻ നോട്ടീസ് നൽകി. കരാർ വയ്ക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. കരാർ വയ്ക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്.

(ബി) നിലവിൽ തടസ്സങ്ങളൊന്നും തന്നെയില്ല.

(സി) ആറടി പാലത്തിന്റെ പ്രവൃത്തി എഗ്രിമെന്റ് കാലാവധിയായ 6 മാസം കൊണ്ടും ആറ്റാലക്കടവ് പാലത്തിന്റെ പ്രവൃത്തി, എഗ്രിമെന്റ് വയ്ക്കുന്ന മുറയ്ക്ക് എഗ്രിമെന്റ് കാലാവധിയായ 24 മാസം കൊണ്ടും പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ആലപ്പുഴ ബൈപ്പാസ്

291(3216) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ബൈപ്പാസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചത് എന്നാണ് ;

(ബി) ബൈപ്പാസ് നിർമ്മാണം തടസ്സപ്പെടാൻ കാരണമെന്താണ് ; വിശദമാക്കാമോ ;